"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - വിനോദ സഞ്ചാര വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ എൽ. ഡി. ടൈപ്പിസ്റ്റ് ശ്രീമതി. ഫർസാന പി. കെ-യ്ക്ക് കാസർഗോഡ് ജില്ലാ കാര്യാലയത്തിലേക്ക് സേവന ക്രമീകരണ വ്യവസ്ഥയിൽ സ്ഥലം മാറ്റം നൽകി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(കൈ) നം.22/2024/TSM തീയതി,തിരുവനന്തപുരം, 15-11-2024

---

പരാമർശം:-
1. 08.08.2012 ലെ സ.ഉ.(അച്ചടി) നം. 442/2012/ധന.
2. ശ്രീമതി. ഫർസാന പി. കെ സമർപ്പിച്ച 30.07.2024 ലെ അപേക്ഷ
3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 29.08.2024 ലെ DOT/817/2024-E1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിനോദ സഞ്ചാര വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന, ഭിന്നശേഷി വിഭാഗത്തിൽ പെട്ട കാസറഗോഡ് സ്വദേശിനിയായ ശ്രീമതി. ഫർസാന പി.കെ, താൻ പരസഹായമില്ലാതെ കുഞ്ഞുമായി തിരുവനന്തപുരത്തു താമസിക്കുന്നതിനാൽ നിലവിലെ സാഹചര്യത്തിൽ സ്വന്തം കാര്യവും കുഞ്ഞിന്റെ കാര്യവും ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണെന്നും ആയതിനാൽ തന്റെ അവസ്ഥ കണക്കിലെടുത്തുകൊണ്ട് സ്വദേശമായ കാസർഗോഡ് ജില്ലയിലേക്ക് താൽക്കാലികമായി സ്ഥലംമാറ്റം അനുവദിക്കണം എന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. 75% വൈകല്യമുള്ള ശ്രീമതി. ഫർസാന പി. കെ-യുടെ നട്ടെല്ലിൽ ഉറപ്പിച്ച ഒരു ബോൾട്ടിന് പൊട്ടലുണ്ടായതിനാൽ ഇപ്പോൾ വളരെയധികം ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുവെന്നും ഭർത്താവ് വിദേശത്തു ജോലി ചെയ്യുകയാണെന്നും അനുകമ്പാർഹമായ സ്ഥിതി വിശേഷം അനുഭാവപൂർവ്വം പരിഗണിച്ച് ടിയാളുടെ സ്വദേശമായ കാസർഗോഡ് ജില്ലയിലേക്ക് ജോലിക്രമീകരണവ്യവസ്ഥയിൽ സ്ഥലംമാറ്റം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിനോദ സഞ്ചാര വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ഫർസാന പി. കെ-യ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം നിലവിലുള്ള ഉത്തരവിൽ ഇളവനുവദിച്ചു കൊണ്ട്, മാനുഷിക പരിഗണന നൽകി കാസറഗോഡ് ജില്ലാ കാര്യാലയത്തിലേക്ക് സേവന ക്രമീകരണ വ്യവസ്ഥയിൽ സ്ഥലംമാറ്റം അനുവദിക്കാൻ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീമതി. ഫർസാന പി. കെ, എൽ. ഡി. ടൈപ്പിസ്റ്റ്, വിനോദ സഞ്ചാര വകുപ്പ് ആസ്ഥാന കാര്യാലയം, പാർക്ക് വ്യൂ, തിരുവനന്തപുരം (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം. 2496 തീയതി 14.11.2024)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ടൂർ-എ1/205/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 16-11-2024 11:15:39
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്